ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവർ നടത്തിയ വിദേശ യാത്രകളിൽ വിദേശത്തുള്ള സംഘടനകളുടെയോ സ്ഥാപനങ്ങളുടെയോ ക്ഷണം സ്വീകരിച്ചുകൊണ്ട് നടത്തിയ വിദേശയാത്രകളുടെ ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. അന്തിമ മറുപടി ശേഖരിച്ച് നൽകുന്നതാണ്.

(ബി) ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ്‌വിപ്പ് എന്നിവർ സർക്കാർ ചെലവിൽ നടത്തിയ വിദേശയാത്രകളിൽ ആദ്യം നിശ്ചയിക്കപ്പെട്ട യാത്രാപരിപാടികളിൽനിന്ന് മാറ്റംവരുത്തി യാത്രചെയ്തിട്ടില്ല.

(സി) ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ്‌വിപ്പ് എന്നിവർ ഔദ്യോഗിക യാത്രവേളയിൽ സ്വകാര്യയാത്രകൂടി നടത്തിയിട്ടില്ല.

സർവ്വീസിൽ സ്ഥിരപ്പെടുത്തൽ

37(37) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ വിവിധ വകുപ്പുകളിലും വകുപ്പുകളുടെകീഴിലെ സ്ഥാപനങ്ങളിലും താത്ക്കാലികമോ, നിത്യകൂലിയടിസ്ഥാനത്തിലോ മറ്റുനിലയിലോ, നിയമിച്ചിരുന്ന ആരെയെങ്കിലും സർവ്വീസിൽ സ്ഥിരപ്പെടുത്താനോ, തുടരാനോ അനുവദിച്ചുകൊണ്ട് തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം സ്ഥാപനങ്ങളിലെ ഏതെല്ലാം തസ്തികകളിൽ എത്ര പേരെവീതം സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; ഇവയിൽ ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാത്തവ ഏതൊക്കെ ;

(സി) താത്കാലിക നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്തുന്നതിനായി, ഏതെല്ലാം വകുപ്പുകളിൽനിന്ന് ഏതെല്ലാം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ വകുപ്പിൽനിന്നും 15-2-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 29/2012/പൊഭവ ഉത്തരവ് പ്രകാരം 2 പേരെ ഡോബി തസ്തികയിലും 10-12-2013-ലെ സ.ഉ.(കൈ) നമ്പർ 360/2013/പൊഭവ ഉത്തരവ് പ്രകാരം ഒരാളെ ഡ്രൈവർ ഗ്രേഡ് II തസ്തികയിലും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ആയതിന് ധനകാര്യ വകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 88/12/പൊഭവ പ്രകാരം ഒരാളെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിനോട് ധനകാര്യ വകുപ്പ് യോജിപ്പ് പ്രകടിപ്പിച്ചിട്ടില്ല. കൂടാതെ 19-4-2013-ൽ പൊതുഭരണ വകുപ്പിൽനിന്നും ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ബൈന്റർ തസ്തികയിലേക്ക് നിയമിക്കപ്പെട്ട ഒരാളിന് 18-1-2014-ലും തുടർന്ന് 31-1-2015-ലും ഓരോ വർഷത്തേയ്ക്കുകൂടി നിയമനം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. മറ്റുവകുപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചുവരുന്നു.

കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ

38(38) ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിലും മറ്റും വിവിധ കാരണങ്ങളാൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ കണക്കുകൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 32662 വാഹനങ്ങൾ.

(ബി) സ്വീകരിച്ചുവരുന്നു.

ജനസമ്പർക്ക പരിപാടി

39 (39) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഹു. മുഖ്യമന്ത്രി എത്ര ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട് ;

(ബി) ഓരോ ജില്ലയിലും ലഭിച്ച പരാതികൾ എത്ര ; ആയതിൽ എത്ര എണ്ണത്തിൽ തീർപ്പായിട്ടുണ്ട് ;

(സി) ഇനിയും എത്ര പരാതികൾ തീർപ്പാക്കാനുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂന്ന് ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട്.

(ബി &സി) അനുബന്ധമായി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly